# മുഖീയം

മുഖംമൂടികൾക്കിടയിൽ
മുഖം നഷ്ടപ്പെട്ട്
മുഷിഞ്ഞിരിക്കെ,
പേരക്കുട്ടിവന്ന്
വാങ്ങിക്കൊടുക്കാൻ
കെഞ്ചുന്നൊരു
മുഖംമൂടി.....
മതം,
രാഷ്ട്രീയം,
സംസ്കാരം,
സാഹിത്യം,
കല തുടങ്ങി
ജീവിത പരിസരങ്ങളി–
ലെവിടെയുമപൂർവമിന്നൊരു
മുഖംമൂടിയില്ലാത്ത മുഖമെന്നുള്ളിൽ
തിരിച്ചറിവിന്റെ മിന്നലാട്ടം....
നവകാലജീവിതം
താണ്ടിക്കടന്നു പോവാനൊരുപക്ഷേ,
അവനും വേണമായിരിക്കാ–
മൊരു വിവർണമുഖംമൂടി....
വെറുതെ കളിച്ച് രസിക്കാനെന്നവന്റെ–
യിളം ചിത്ത്...
വെറുതെയാവില്ലെന്നെന്റെ–
ശ്ലഥ ചിന്ത...
നിറം കെട്ടുപോയ
ചായങ്ങൾ തേച്ചുപിടിപ്പിച്ച
മുഖംമൂടിയൊന്നവനും
മറ്റൊന്നെനിക്കും...
നാടോടുമ്പോൾ
നടുവെ പായാ–
നോന്തിനെ വെല്ലും മട്ടൊരു
നമ്പർവൺ മുഖാവരണം...!

● ടി.കെ അലി പൈങ്ങോട്ടായി

# അടയാളങ്ങൾ



അബ്ദുല്ല പേരാമ്പ്ര

ഓരോ മിന്നാമിന്നിയും
ഓരോ അടയാളമാണ്.
ഉള്ളിലെ വെളിച്ചം അണഞ്ഞുപോയവന്റെ
ഇരുണ്ട വാക്കുകൾക്കു മീതെ
അത് അടയിരിക്കുന്നു.
ഉടൽ നഷ്ടപ്പെട്ട വിശ്വാസങ്ങൾക്ക്
ഒരു തുള്ളി വെളിച്ചത്താൽ
പതാക തുന്നുന്നു.
ഓരോ മുറിവും –
മഞ്ഞ നൂലിനാൽ തുന്നിത്തുന്നി
വഴികാട്ടിയാവുന്നു.
ഓരോ മിന്നാമിന്നിയും
ഒരു ഓർമപ്പെടുത്തലാണ്.
ഞാനും ഇവിടെയുണ്ടെന്ന്
ഇരുട്ടിനോടൊരു മറുവാക്ക്.
സ്വാതന്ത്ര്യത്തിന്റെ ആകാശത്തിൽ
കുഞ്ഞു ചിറകിനാൽ ഒരു
ചരിത്രമെഴുത്ത്
ദൈവമേ,
നിന്റെ ഒടുങ്ങാത്ത ദയയുടെ
ഖജനാവിൽനിന്ന്
എനിക്കും ഇത്തിരിയെന്ന്
ഒരു പ്രാർഥന.




# ചെറുപ്പക്കാരാ...!

കണ്ണുണ്ടായിട്ടും
കാണാത്ത മട്ടിൽ
നടക്കുന്ന ചെറുപ്പക്കാരാ...!
നിന്റെ ചിന്തകളിൽനിന്ന്
നീ വെട്ടിമാറ്റിയ സത്യങ്ങൾ
ചെരുപ്പിന്റെ വാറിനേക്കാൾ
നിന്റെയരികിലാണല്ലോ...
പോകേണ്ടാത്ത വഴികളിലേക്ക്
നിന്നെ നടത്തുന്നത്
ആരൊക്കെയാണ്?
ഇരുട്ടിന്റെ മറവുകളിലേക്ക്
നീ നിന്നെത്തന്നെ
പൂഴ്ത്തിവെക്കുമ്പോൾ
വെളിച്ചത്തെ സ്നേഹിക്കുന്ന
നിന്നിലെ നല്ലവൻ
വിമ്മിട്ടപ്പെടുന്നത്
നീ അറിയാഞ്ഞിട്ടല്ല.
മടുപ്പും
അലസ ജീവിതവും
നിന്നെയെത്തിക്കുന്നത്
എവിടേക്കായിരിക്കും.....?
ശത്രുവിന്റെ കൈ
നിന്റെ തോളിൽത്തന്നെ
വിശ്രമിക്കുകയാണല്ലോ
ചെറുപ്പക്കാരാ...!

● **അശ്റഫ് കാവിൽ**